**Kudumbashree**
*State Poverty Eradication Mission*
Local Self Govt. Department, Govt. of Kerala

9153/എഫ്/2015/കെ.എസ്സ്.എച്ച്.ഒ .08..06..2017

# പരിപത്രം

വിഷയം :- കുടുംബശ്രീ - എൻ.യു.എൽ.എം / എസ്.ഇ.പി പദ്ധതി പ്രകാരം മുദ്ര വായ്പകൾക്ക് പലിശ സബ്സിഡി അനുവദിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: 22/8/2016-ലെ കേന്ദ്ര നഗര വികസന മന്ത്രാലയത്തിൽ നിന്നുള്ള കത്ത് F No. K-14012/15/2016-UPA/FTS-16320

ദേശീയ നഗരഉപജീവന മിഷന്റെ (എൻ.യു.എൽ.എം) പ്രവർത്തന മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തി സൂചന പ്രകാരം കേന്ദ്ര നഗര വികസന മന്ത്രാലയത്തിൽ നിന്നും ഓഫീസ് മെമ്മോറാണ്ടം ലഭ്യമാക്കിയിട്ടുണ്ട്. ആയത് എല്ലാ നഗരസഭകളിലേയ്ക്കും കൈമാറിയിട്ടുണ്ട്. സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിൽ ബാങ്കുകൾക്ക് പ്രധാനമന്ത്രി മുദ്ര യോജന പ്രകാരം അപേക്ഷകൾ നേരിട്ട് സ്വീകരിക്കാവുന്നതും, ആയതിന്റെ വിശദാംശങ്ങൾ നഗരസഭകൾക്ക് ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി പ്രകാരം പലിശ സബ്സിഡി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് അനുച്ഛേദം 8-8.6-ൽ പരാമർശിച്ചിട്ടുണ്ട്. ബാങ്കിൽ നിന്നും ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് എൻയുഎൽഎം പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പലിശ സബ്സിഡിക്ക് അർഹത ഉറപ്പുവരുത്തി ഗുണഭോക്താക്കളുടെ വായ്പാ അക്കൗണ്ടിലേയ്ക്ക് പലിശ സബ്സിഡി തുക നൽകണമെന്നും പരമാർശിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം എല്ലാ നഗരസഭകളും ബാങ്കുകളിൽ നിന്നും മുദ്ര ലോൺ അനുവദിച്ചത് സംബന്ധിച്ച അപേക്ഷകൾ ശേഖരിച്ച് പലിശ സബ്സിഡി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം പലിശ സബ്സിഡി അനുവദിക്കുമ്പോൾ താഴെപറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്:-

1. വ്യക്തിഗത സംരംഭങ്ങൾക്ക് 2 ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും, ഗ്രൂപ്പ് സംരംഭങ്ങൾക്ക് 10 ലക്ഷം രൂപവരെയുള്ള വായ്പകൾക്കുമാണ് പലിശ സബ്സിഡി അനുവദിക്കേണ്ടത്.
2. ബാങ്കുകൾ ചുമത്തുന്ന വാർഷിക പലിശ നിരക്കും 7%-ന് അധികരിക്കുന്ന പലിശ നിരക്കും തമ്മിലുള്ള വ്യത്യാസമാണ് പലിശ സബ്സിഡി ഇനത്തിൽ നൽകേണ്ടത്.



Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717, e-mail: info@kudumbashree.org

3. ഗുണഭോക്താക്കൾ നിർബന്ധമായും നഗര ദരിദ്രർ ആയിരിക്കേണ്ടതാണ്. വാർഷിക വരുമാനം സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകുന്നതാണ്.
4. അയൽക്കൂട്ട അംഗമോ, അയൽക്കൂട്ട കുടുംബ അംഗമോ അല്ലെങ്കിൽ നിർദ്ദിഷ്ട സിഡിഎസിൽ താമസിക്കുന്ന വ്യക്തിയാണെന്ന് സിഡിഎസ് / എഡിഎസ് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
5. കൃഷി-മൃഗസംരക്ഷണ മേഖലയിൽ എടുത്തിട്ടുള്ള വായ്പകൾക്ക് പലിശ സബ്സിഡി നൽകാൻ പാടുള്ളതല്ല.
6. അനുബന്ധമായി ചേർത്തിട്ടുള്ള അപേക്ഷാ ഫോറം ബാങ്കുകൾക്ക് കൈമാറി മുദ്ര വായ്പ ലഭ്യമാക്കിയത് സംബന്ധിച്ച വിവരം ശേഖരിക്കേണ്ടതാണ്.
7. അപേക്ഷകൾ പരിശോധിച്ച് പലിശ സബ്സിഡി അനുവദനീയമായ അപേക്ഷകൾക്ക് സബ്സിഡി തുക കണക്കിലാക്കി നഗരസഭാ സെക്രട്ടറി- സിറ്റി പ്രോജക്ട് ഓഫീസറുടെ ശുപാർശയോടെ തുക അനുവദിക്കുന്നതിലേയ്ക്കായി സംസ്ഥാന മിഷന് കൈമാറേണ്ടതാണ്.
8. പലിശ സബ്സിഡി തുക വായ്പാ തിരിച്ചടവിന് അനുസരിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി ത്രൈമാസാടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ്.
9. പലിശ സബ്സിഡി തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിലേയ്ക്ക് കൈമാറേണ്ടതാണ്. തുക കൈമാറിയാൽ ഉടൻ വിനിയോഗ സാക്ഷ്യപത്രം സംസ്ഥാന മിഷന് ലഭ്യമാക്കേണ്ടതാണ്.
10. മുദ്ര ലോൺ സംബന്ധിച്ചും ലഭ്യമാക്കി പലിശ സബ്സിഡി സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ എൻയുഎൽഎം എംഐഎസ്സിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

To

1. എല്ലാ നഗരസഭാ ചെയർമാൻമാർക്കും/ കോർപ്പറേഷൻ മേയർമാർക്കും
2. എല്ലാ നഗരസഭ സെക്രട്ടറിമാർക്കും/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
3. കൺവീനർ, എസ്എൽബി
4. എല്ലാ ലീഡ് ബാങ്കുകൾക്കും
5. എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
6. എല്ലാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും

പകർപ്പ്

1. എല്ലാ സിഡിഎസ് പ്രസിഡന്റ്മാർക്കും
2. എല്ലാ സിറ്റി മിഷൻ മാനേജർമാർക്കും
3. കരുതൽ ശേഖരം
4. ബന്ധപ്പെട്ട ഫയൽ

ഉത്തരവിൻ പ്രകാരം,

പ്രോഗ്രാം ഓഫീസർ (അർബൻ)